©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2021 ജനുവരി 12<br>12th January 2021<br>1196 ധനു 28<br>28th Dhanu 1196<br>1942 പൌഷം 22<br>22nd Pousha 1942 | നമ്പർ<br>No. 2 |

# PART III

## Notifications by Heads of Departments

# Agriculture Development and Farmers' Welfare Department

ദർഘാസ് പരസ്യം

നമ്പർ സി. ഡി. 187/2020. 2020 ഡിസംബർ 11.

കാസറഗോഡ് ജില്ലയിലെ ആദൂർ കാഷ്യു പ്രോജനി ഓർച്ചാർഡിലെ 9, 10 നമ്പർ പ്ലോട്ടുകളിൽ പുതിയ കശുമാവിൻ തോട്ടം വച്ചുപിടിപ്പിക്കുന്നതിനുവേണ്ടി എർത്ത് മൂവർ ഉപയോഗിച്ച് തട്ട് തിരിച്ച് നിരപ്പാക്കി 5 മീറ്റർ ഇടവേളകളിൽ 0.5×0.5×0.5 മീറ്റർ വലിപ്പത്തിലുള്ള കുഴികൾ എടുത്ത് കൊടുക്കുന്നതിന് മണിക്കൂർ വാടക നിരക്കിൽ മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

അടങ്കൽ തുക—₹ 1,94,000.

നിരതദ്രവ്യം—₹ 3,880 (എസ്. ബി. ഐ. കാസറഗോഡിൽ മാറാവുന്ന ഡി. ഡി.)

ദർഘാസ് ഫോറത്തിന്റെ വില—₹ 400 + GST (12%)= ₹ 448.

ദർഘാസ് ഫോറം ലഭിക്കുന്ന അവസാന തീയതിയും സമയവും—21-1-2021, 5 മണി.

ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—22-1-2021, 12 മണി.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—22-1-2021, 3 മണി.

"2020-21 കശുമാവിൻ തൈകൾ നടുന്നതിനുവേണ്ടി തട്ട് തിരിച്ച് നിരപ്പാക്കി കുഴികൾ എടുത്ത് കൊടുക്കുന്നതിനുള്ള ദർഘാസ്" എന്നെഴുതി കശുമാവ് വികസന ഓഫീസർ കാസറഗോഡ്, പി. ഒ., കുണ്ടാർ എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

Gaz. No. 2/2021/DTP (Agriculture).

നിബന്ധനകൾ

1. മണിക്കൂർ വാടകയാണ് ദർഘാസിൽ രേഖപ്പെടുത്തേണ്ടത്.

2. കൃഷിവകുപ്പ് എഞ്ചിനീയറുടെ എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റിന് വിധേയമായി ഒരു മണിക്കൂറിൽ ഏകദേശം 42 മീറ്റർ പ്രവൃത്തി ചെയ്യേണ്ടതാണ്.

3. ദർഘാസ് ഫോറത്തോടൊപ്പം ₹ 200-ന്റെ മുദ്രപത്രത്തിൽ പ്രാഥമിക സമ്മതപത്രം സമർപ്പിക്കേണ്ടതാണ്.

4. അംഗീകരിക്കപ്പെട്ട കരാറുകാരൻ നിരതദ്രവ്യം ഉൾപ്പെടെ 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കേണ്ടതാണ്.

5. ദർഘാസ് അംഗീകരിച്ച് കഴിഞ്ഞാൽ കരാറുകാരൻ അന്തിമമായി ₹ 200 മുദ്രപത്രത്തിൽ മറ്റൊരു സമ്മതപത്രം സമർപ്പിക്കേണ്ടതാണ്.

6. ദർഘാസ് അംഗീകരിച്ച് 15 ദിവസത്തിനകം സ്വന്തം ഉത്തരവാദിത്വത്തിൽ ജോലി തീർത്ത് തരേണ്ടതാണ്.

7. ഏതെങ്കിലും കാരണത്താൽ ദർഘാസ് അവധി ദിനമായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് നടത്തുന്നതാണ്.

8. ദർഘാസ് കാരണമറിയിക്കാതെ റദ്ദാക്കുവാനോ മാറ്റിവെക്കുന്നതിനോ ഉള്ള അധികാരം താഴെ ഒപ്പിട്ടയാളിൽ നിക്ഷിപ്തമാണ്.

9. സർക്കാർ ടെണ്ടറുകൾക്കുള്ള എല്ലാ നിബന്ധനകളും ഇതിന് ബാധകമാണ്.

കൂടുതൽ വിവരങ്ങൾ കാഷ്യൂ ഡെവലപ്പ്മെന്റ് ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്.

കശുമാവ് വികസന ഓഫീസ്, (ഒപ്പ്)
കാസറഗോഡ്. കശുമാവ് വികസന ഓഫീസർ.